# പൊതുവിദ്യാഭ്യാസവകുപ്പ് കേരളം
## തൃശ്ശൂർ ജില്ല

### അർദ്ധവാർഷിക പരീക്ഷ 2011-12

വിഷയം : മലയാളം I
ക്ളാസ്സ് : X

സമയം : 1.45 Hr
മാർക്ക് : 40

1

ഉതുപ്പാന്റെ കിണർ നികത്തണം.
ഉതുപ്പാന്റെ കിണറും നികത്തണം.

- രണ്ടാമത്തെ വാക്യത്തിൽ ഉം ചേർത്തപ്പോഴുള്ള അർത്ഥവ്യത്യാസം കുറിക്കുക.

*(സ്കോർ 2)*

2

"കാലടി മുഴുവനും വിള്ളലാണല്ലോ; താങ്കൾ
മേലിൽ നഗ്നപാദനായി നടന്നേക്കരുതെങ്ങും "

"അന്നെന്നെ നയിച്ചൊരീ നഗ്നപാദങ്ങൾ നേടി-
ത്തന്നൊരാ ബലമെന്റെ ശക്തിതൻ മൂലാധാരം"

- കവിതയിലെ വ്യത്യസ്ത വീക്ഷണങ്ങളാണ് ഇവിടെ കാണുന്നത്. ഇവ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക. *(സ്കോർ 2)*

3

'ഇന്ത്യയിലെ എല്ലാ പ്രധാന നഗരങ്ങളും കണ്ടു. ജീവിക്കുവാനും കുറെയൊക്കെ പഠിച്ചു. കൈയിൽ പണമുണ്ട്; സർക്കാരിൽ നിന്ന് കിട്ടുവാനുമുണ്ട്.'

'ആ രാത്രിയിൽ ആ കൊച്ചുവീടിന്റെ മുറ്റത്ത് അസ്വസ്ഥനായി അയാൾ നടന്നുകൊണ്ടിരുന്നു. ഈ ഓണംകേറാമൂലയുമായാണ് അയാളുടെ ജീവിതത്തിലെ നിർവചിക്കാൻ വയ്യാത്ത ഒരു ബന്ധമുണ്ടാകുന്നത്. ഇപ്പോൾ സമാധാനമായാണ് ഹൃദയം തുടിക്കുന്നതെന്ന് അയാൾക്കു തോന്നി. അയാൾക്ക് ഒരമ്മയെക്കിട്ടി'.

- പട്ടാളക്കാരൻ എന്ന കഥയിലെ രാമൻനായരുടെ ജീവിതത്തിൽ ആ 'ഓണംകേറാമൂല' നൽകിയ സ്വസ്ഥതയ്ക്കു കാരണങ്ങൾ കണ്ടെത്തി വിശദീകരിക്കുക. *(സ്കോർ 4)*

4

'പട്ടണമോടിക്കിതച്ചെന്റെ വാതിലിൽ വന്നുമുട്ടി.'
'ജീപ്പിൽ നിന്നിറങ്ങുന്നു നഗരം വീണ്ടും.' - **അടുത്തുണ്ട്**

- കവിതയിലെ ഈ പ്രയോഗങ്ങൾ നഗരജീവിതത്തെ എങ്ങനെയെല്ലാം ധ്വനിപ്പിക്കുന്നു?

*(സ്കോർ 4)*

5

"വേലചെയ്തു പുലർന്നോളായ്
പുലർത്തുന്നവളായ്, സ്വയം
ജീവിതം പൊൻ കൊടിക്കൂറ
പോലുയർത്തിപ്പിടിച്ചിടും!
തലതാഴില്ല, താഴ്ത്തില്ല,
ഇവൾ, തൻകാലിൽ നിൽപവൾ
ഇവൾതൻ പുഞ്ചിരിക്കൊള്ളും
മുഖമാണമ്മതൻ മുഖം!"

- ഈ വരികളിൽ തെളിയുന്ന സ്ത്രീയുടെ ആത്മവിശ്വാസം സമകാലിക സ്ത്രീ സമൂഹത്തിന് എത്രമാത്രം അനുകരണീയമാണ്? വിശകലനം ചെയ്യുക.

*(സ്കോർ 4)*

6

"വെട്ടുക, മുറിക്കുക, പങ്കുവെക്കുക
ഗ്രാമം, പത്തനം, ജനപദമൊക്കെയും
കൊന്നും തിന്നും വാഴുക
പുലികളായ് സിംഹങ്ങളായ്
മർത്ത്യനാവുക മാത്രം വയ്യ
ജന്തുത ജയിക്കുന്നു.

..........................................................

ശാന്തിതൻ സൗഗന്ധികം
തിരഞ്ഞു പോക നാം ഈ അശാന്തി പർവങ്ങളിൽ"

സ്കൂളിൽ തയാറാക്കുന്ന യുദ്ധവിരുദ്ധ പതിപ്പിൽ ഒ.എൻ.വി.യുടെ ഈ വരികളുടെ ആശയം പരിഗണിച്ചുകൊണ്ട് ഒരു എഡിറ്റോറിയൽ തയാറാക്കുക. *(സ്കോർ 6)*

7

"യുദ്ധത്തെക്കുറിച്ചെഴുതിയ മഹാകാവ്യങ്ങളെല്ലാം യുദ്ധവിരുദ്ധ കൃതികൾ കൂടിയാണ്".

- ഗാന്ധാരിവിലാപം, അർജുനവിഷാദയോഗം എന്നീ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ലഘുപന്യാസം തയാറാക്കുക. *(സ്കോർ 6)*

താഴെ കൊടുത്തിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തി ഉതുപ്പാൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

- അവൻ കഴിയുംമട്ടിൽ പണിയെടുക്കും.
- അവന്റെ ജീവിതാവശ്യങ്ങൾ ലഘുവാണ്.
- അവൻ ഹൃദയശുദ്ധിയുള്ളവനാണ്
- അവൻ പരോപകാരിയാണ് *(സ്കോർ 6)*

9

പ്രകാശപൂർണമായ വീക്ഷണമാണ് ജീവിതത്തെ കൂടുതൽ ആസ്വാദ്യകരമാക്കുന്നത്.

– ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മാധവിക്കുട്ടിയുടെ 'കടലിന്റെ വക്കത്ത് ഒരു വീട്' എന്ന കഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ 6)*